## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട 612-ാം നമ്പർ ചോദ്യം 28.10.2011 -ലെ മറുപടിക്ക്

## ബാങ്കുകൾ വഴി ശമ്പളം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ.കെ.നാരായണൻ | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടേയും ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുവാൻ ഏതെല്ലാം തരം ബാങ്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം പൊതുമേഖലാ ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. |
| (ബി) ഇത്തരം ഒരു തീരുമാനം സംസ്ഥാന ട്രഷറികളെ എങ്ങനെയെല്ലാം ബാധിക്കു മെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ട്രഷറികളുടെ പ്രവർത്തനത്തെ ഈ തീരുമാനം കാര്യമായി ബാധിക്കുന്നില്ല. |
| (സി) ഇതുമൂലം സംസ്ഥാനത്തെ ട്രഷറി ഡെപ്പോസിറ്റുകളിൽ ഭീമമായ കുറവ് ഉണ്ടാകുമെന്നും ട്രഷറി സമ്പ്രദായത്തെ തന്നെ തകർക്കുമെന്നുമെന്നുള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) 23.9.2011 -ലെ സ.ഉ (പി)നം. 402/11/ധന പുറപ്പെടുവിക്കുന്നതിന് മുൻപും ഭൂരിപക്ഷം വരുന്ന നോൺഗസറ്റഡ് സർക്കാർ ജീവനക്കാരുടെ ശമ്പളം പണമായിത്തന്നെ വിതരണം ചെയ്തു വരുന്നതിനാൽ പുതിയ ഉത്തരവ് ട്രഷറി നിക്ഷേപത്തെ ബാധിക്കില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളം വാങ്ങുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരിലും ഭൂരിപക്ഷവും ശമ്പളദിവസങ്ങളിൽ അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നുണ്ടെന്നതിനാൽ ഈയിനത്തിലും ട്രഷറി നിക്ഷേപത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാറില്ല. |
| (ഡി) ഈ തീരുമാനത്തിലൂടെ സർക്കാർ ജീവനക്കാരേയും അദ്ധ്യാപകരെയും ബാങ്കുകളുടെ നയതീരുമാനങ്ങളുടെ ഇരയാക്കും എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) ജീവനക്കാർക്ക് ബാങ്കുവഴി ശമ്പളം വിതരണം ചെയ്യുന്ന സംവിധാനം തീർത്തും ജീവനക്കാരുടെ പൂർണ്ണ സമ്മതത്തോടെ മാത്രമാണ് നടപ്പിലാക്കുന്നത്. ഈ സമ്പ്രദായം ജീവനക്കാർക്കും അദ്ധ്യാപകർക്കും ബാങ്കിംഗ് രംഗത്ത് എ.റ്റി.എം ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതാണ്. ബാങ്കുകളുടെ നയതീരുമാനങ്ങൾ സർക്കാർ ജീവനക്കാരെ ബാധിക്കുമെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. |

| | |
|---|---|
| (ഇ) ഇത്തരം ഒരു തീരുമാനം ഉണ്ടാകാതിരിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമായിരുന്നു;<br><br>(എഫ്) അവയൊക്കെ പൂർണ്ണമായി പരിഹരിച്ചുകൊണ്ടായിരുന്നോ ഈ തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | 12.10.2009 - ലെ ജി.ഒ. (പി) 439/09/ധന പ്രകാരം സംസ്ഥാനത്തെ നോൺഗസറ്റഡ് ജീവനക്കാർക്ക് ബാങ്കുകൾ വഴി ശമ്പളം വിതരണം ചെയ്യുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുവെന്നതിന്റെ വെളിച്ചത്തിൽ ആ ഉത്തരവ് പിന്നീട് റദ്ദാക്കുകയുണ്ടായി. ട്രഷറികളിൽ ഇതുവരെയും എ.റ്റി.എം. സ്ഥാപിതമായിട്ടില്ല. ആയതിന് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുമില്ല. ഈ സാഹചര്യത്തിൽ പലവകുപ്പ് മേധാവികളും 12.10.09 -ലെ ഉത്തരവ് പു:നസ്ഥാപിക്കണമെന്നാവശ്യപ്പെട്ടതിന്റെയും കൂടി അടിസ്ഥാനത്തിലാണ് 23.9.2011 - ലെ ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ